compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 26
Tuesday, 26th August 2025

1201 ചിങ്ങം 10
10th Chingam 1201

1947 ഭാദ്രം 4
4th Bhadra 1947

വാല്യം 14
Vol. XIV

നമ്പർ **34**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ശ്രീമതി ബിന്ദു, എസ്.)

നമ്പർ JRGPTA/1600/2025-AEL. 2025 ആഗസ്റ്റ് 19.

വിഷയം :— സഹകരണ വകുപ്പ്—പാതിക്കാട് ഗ്രൂപ്പ് യു. പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ. 585-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 20-2-2025-ലെ ARGMPY/11/2025-UI(2) നമ്പർ കത്ത്.

(2) ഈ ആഫീസിൽ നിന്നും മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് പത്തനംതിട്ട ജനറൽ മാനേജർ എന്നിവർക്ക് നൽകിയ 7-6-2025 തീയതിയിലെ JRGPTA/531/2025/CS നമ്പർ കത്ത്.

(3) മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാന്റെ 10-7-2025-ലെ ARGMPY/150/2025-UI(2) നമ്പർ കത്ത്.

പാതിക്കാട് ഗ്രൂപ്പ് യു.പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ. 585-ന്റെ പ്രവർത്തന രഹിതമായിരുന്നുവെന്നും, ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയുണ്ടായെന്നും, സ്വന്തമായി ആഫീസോ, ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്ററോ, മറ്റ് ആസ്തികളോ ഇല്ലാത്ത പ്രസ്തുത സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അപേക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് പരാമർശം (2) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് (പത്തനംതിട്ട) ജനറൽ മാനേജർ എന്നിവരോട് അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും, പരാമർശം (3) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ ടി സംഘത്തെ നിറുത്തൽ ചെയ്തുകൊണ്ട് ലിക്വിഡേറ്ററെ നിയമിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതും, എന്നാൽ സംസ്ഥാന സഹകരണ ബാങ്ക് ജനറൽ മാനേജർ പത്തനംതിട്ട നാളിതുവരെയും അഭിപ്രായം ഒന്നും അറിയിക്കാത്ത സാഹചര്യത്തിലും തികച്ചും പ്രവർത്തനരഹിതമായ പ്രസ്തുതസംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പാതിക്കാട് ഗ്രൂപ്പ് യു.പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ. 585-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമത്തിലെ 71(1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമത്തിലെ 72-ാം വകുപ്പിനനുസൃതമായി ഇതിനാൽ നിയമിച്ചുകൊള്ളുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും, അപ്പീൽ കാലാവധിയായ 60 ദിവസത്തിനുശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ കടധന പട്ടിക, ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും, റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം, പത്തനംതിട്ട.

ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം
(ഹാജർ: ശ്രീമതി ബിന്ദു, എസ്.)

(1)

നമ്പർ JRGPTA/1617/2025-AEL. 2025 ആഗസ്റ്റ് 6.

വിഷയം :—സഹകരണ വകുപ്പ്—ആനിക്കാട് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 767-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 22-1-2025-ലെ E1/2025 നമ്പർ കത്ത്.

(2) ഈ ആഫീസിൽ നിന്നും മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്,ജനറൽ മാനേജർ എന്നിവർക്ക് നൽകിയ 11-6-2025-ാം തീയതിയിലെ JRGPTA/527/2025/CS നമ്പർ കത്ത്.

(3) മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാന്റെ 10-7-2025-ലെ ARGMPY/152/2025/UI(2) നമ്പർ കത്ത്.

ആനിക്കാട് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 767 പ്രവർത്തന രഹിതമായിരുന്നുവെന്നും ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയുണ്ടായെന്നും സ്വന്തമായി ആഫീസോ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്ററോ മറ്റ് ആസ്തികളോ ഇല്ലാത്ത പ്രസ്തുത സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) അപേക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് പരാമർശം (2) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവരോട് അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും പരാമർശം (3) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ ടി സംഘത്തെ നിറുത്തൽ ചെയ്തുകൊണ്ട് ലിക്വിഡേറ്ററെ നിയമിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും, എന്നാൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ നാളിതുവരേയും അഭിപ്രായം ഒന്നും അറിയിക്കാത്ത സാഹചര്യത്തിലും തികച്ചും പ്രവർത്തനരഹിതമായ പ്രസ്തുതസംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ആനിക്കാട് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 767-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമത്തിലെ 71 (1) വകുപ്പിനനുസൃതമായി നിർത്തൽ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമത്തിലെ 72-ാം വകുപ്പിനനുസൃതമായി ഇതിനാൽ നിയമിച്ചുകൊള്ളുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിനുശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ കടധന പട്ടിക, ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ JRGPTA/1611/2025-AEL. 2025 ആഗസ്റ്റ് 5.

വിഷയം :—സഹകരണ വകുപ്പ്—പെരുമ്പെട്ടി അത്യാൽ എം. റ്റി. യു. പി സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 524 ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നത് സംബന്ധിച്ച്.

പരാമർശം:—(1) മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 21-2-2025-ലെ ARGMPY/12/2025/-UI(2) നമ്പർ കത്ത്.

(2) ഈ ആഫീസിൽ നിന്നും മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, ജനറൽ മാനേജർ എന്നിവർക്ക് നൽകിയ 5-6-2025-ാം തീയതിയിലെ JRGPTA/530/2025/CS നമ്പർ കത്ത്.

(3) മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാന്റെ 15-7-2025-ലെ ARGMPY/151/2025/-UI(2) നമ്പർ കത്ത്.

പെരുമ്പെട്ടി അത്യാൽ എം. റ്റി. യു. പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 524 പ്രവർത്തന രഹിതമായിരുന്നുവെന്നും ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയുണ്ടായെന്നും സ്വന്തമായി ആഫീസോ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്ററോ മറ്റ് ആസ്തികളോ ഇല്ലാത്ത പ്രസ്തുത സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) അപേക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് പരാമർശം (2) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവരോട് അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും, പരാമർശം (3) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ ടി സംഘത്തെ നിറുത്തൽ ചെയ്തുകൊണ്ട് ലിക്വിഡേറ്ററെ നിയമിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും എന്നാൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ നാളിതുവരേയും അഭിപ്രായം ഒന്നും അറിയിക്കാത്ത സാഹചര്യത്തിലും തികച്ചും പ്രവർത്തനരഹിതമായ പ്രസ്തുത സംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പെരുമ്പെട്ടി അത്യാൽ എം.റ്റി. യു. പി. സ്ക്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 524-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമത്തിലെ 71(1) വകുപ്പിനനുസൃതമായി നിർത്തൽ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമത്തിലെ 72-ാം വകുപ്പിനനുസൃതമായി ഇതിനാൽ നിയമിച്ചുകൊള്ളുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിനുശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ കടധന പട്ടിക, ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും, റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/900/2025-SCT. 2025 ജൂലൈ 28.

വിഷയം :—വണ്ടൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ എം 403—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) ഈ ഓഫീസിലെ 4-3-2022 തീയതിയിലെ JRMPM/54/2022-SCT-L.DIS നമ്പർ ഉത്തരവ്.

(2) നിലമ്പൂർ (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാറുടെ 7-6-2024 തീയതിയിലെ ARGNBR/824/2022 -UI (3) നമ്പർ കത്തും, പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററുടെ 5-6-2024 തീയതിയിലെ കത്തും.

(3) ഈ ഓഫീസിലെ 12-3-2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

30-3-1989-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച വണ്ടൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ എം 403 സംഘത്തിൽ വണ്ടൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായി നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സംഘത്തിന്റെ ഭരണ സമിതി അംഗങ്ങൾ ഉൾപ്പെടെയുള്ള ചില അംഗങ്ങൾക്ക് സംഘം പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനുള്ള താല്പര്യമില്ലാത്ത സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിന് സംഘത്തിന്റെ നിയമാവലി മിനിട്സ് ബുക്ക് ആഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ മുഴുവൻ രേഖകളും റെക്കോർഡുകളും പൂർണമായും നഷ്ടപ്പെട്ടിട്ടുണ്ട്. സംഘം പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്ക് സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരുംതന്നെ നിവേദനമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വണ്ടൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ എം 403-ന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 72(1) പ്രകാരം നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ വണ്ടൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തികരിക്കേണ്ടതും, ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ)-ടെ കാര്യാലയം, മലപ്പുറം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

(1)

നമ്പർ JRMPM/1325/2025-SCT. 2025 ജൂലൈ 29.

വിഷയം:—സഹകരണ വകുപ്പ്—മക്കരപ്പറമ്പ് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 537—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ഓഫീസിലെ 10-9-2024, 7-12-2024 തീയതികളിലെ JRMPM/876/2020-SCT നമ്പർ ഉത്തരവ്.

(2) പെരിന്തൽമണ്ണ (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാറുടെ 19-3-2025 തീയതിയിലെ ARGPNA/1691/2024-UI (1) നമ്പർ കത്തും പരിശോധന ഉദ്യോഗസ്ഥന്റെ 6-2-2025-ലെ പരിശോധന റിപ്പോർട്ടും.

(3) ഈ ഓഫീസിലെ 20-4-2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ മക്കരപ്പറമ്പ് ആസ്ഥാനമാക്കി 23-9-1997-ൽ രജിസ്റ്റർ ചെയ്ത 25-11-1997-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ള മക്കരപ്പറമ്പ് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 537 സംഘത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് സൂചന (1) പ്രകാരം ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി പരിശോധന ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

മക്കരപ്പറമ്പ് പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 537 സംഘത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം പരിശോധനയിൽ ലഭ്യമായ രേഖകൾ പ്രകാരം 167 അംഗങ്ങളാണുള്ളത്. സംഘത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ 9 അംഗങ്ങളടങ്ങിയ ഭരണ സമിതി 1-11-1999 മുതൽ 20-10-2002 വരെയും 30-10-2002 മുതൽ 29-10-2005 വരെയും നിലവിലുണ്ടായിരുന്നു. സംഘം സ്തംഭനത്തിലായതിനെ തുടർന്ന് 28-10-2006 മുതൽ 30-12-2007 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം നടത്തി 9 അംഗ ഭരണ സമിതിയെ തെരഞ്ഞെടുത്തു. 31-12-2007 മുതൽ 30-12-2012 വരെ ടി ഭരണ സമിതിക്ക് കാലാവധി ഉണ്ടായിരുന്നെങ്കിലും 5-4-2010 വരെ മാത്രമേ ഭരണ സമിതി യോഗങ്ങൾ ചേർന്നിട്ടുള്ളതായി കാണുന്നുള്ളു. മിനുട്സിൽ 3-3-2012 വരെയുള്ള ചില തീയതികളിൽ ഭരണ സമിതിയോഗം കൂട്ടുവാൻ എന്ന വ്യാജേന ചില അംഗങ്ങൾ ഒപ്പിട്ടിട്ടുണ്ട്. എന്നാൽ ഇവയൊന്നും ആവശ്യമായ കവാറമില്ലാത്തതിനാൽ ഭരണസമിതി യോഗങ്ങളായി പരിഗണിക്കാൻ കഴിയാത്തവയാണ്. ചുരുക്കത്തിൽ സംഘത്തിൽ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്.

2023-24-ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘത്തിന് ₹ 40,000 സർക്കാർ ഓഹരിയുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടയ്ക്കാനുണ്ട്. അഫിലിയേഷൻ ഫീസ് ഇനത്തിൽ ₹ 9,000 കുടിശ്ശികയുണ്ട്. സംഘത്തിൽ നിന്ന് 3-7-1999 മുതൽ വിതരണം ചെയ്ത വായ്പകളിൽ ₹ 25,256 മുതലിലും ₹ 75,444 പലിശയിനത്തിലും 100% കുടിശ്ശികയായിരിക്കുകയാണ്.

സംഘം ആരംഭത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതാണ്. പിന്നീട് സംഘം ജീവനക്കാരും ഭരണസമിതിയും സംഘത്തിന്റെ പ്രവർത്തനത്തിൽ ശ്രദ്ധിക്കാതെ വരികയും യഥാസമയം ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്താതെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ ചുമതല ഏല്പിക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ യാതൊരു പ്രവർത്തനവും നടത്താതെ നിർജ്ജീവ അവസ്ഥയിലാണ്. സംഘത്തിൽ ജീവനക്കാരില്ല. അവസാന കാലങ്ങളിൽ നിലവിലുണ്ടായിരുന്ന ഭരണ സമിതി അംഗങ്ങൾ ആയിരുന്നവർ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് യാതൊരു താല്പര്യവും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാണിച്ചിരുന്നില്ലായെന്നും 2010-ന് ശേഷം ബൈലോ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ഒരു ഭരണ സമിതി യോഗം പോലും കൂടിയിട്ടില്ലായെന്നും സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മക്കരപ്പറമ്പ് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 537-സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 72(1) പ്രകാരം പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ മേലാറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും ചാർജ്ജ് എടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ JRMPM/2513/2023-AEL. 2025 ആഗസ്റ്റ് 4.

വിഷയം: —സമാപ്തീകരണം—കരുമരക്കാട് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 879—സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) മലപ്പുറം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) 7-8-2023-ലെ JRMPM/1521/2023/HMC-2 നമ്പർ ഉത്തരവ്.

(2) മലപ്പുറം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) 19-7-2025-ലെ JRMPM/2513/2023/AEL നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 30-7-2025 തീയതിയിലെ അന്തിമ പൊതുയോഗത്തിന്റെ നടപടിക്രമങ്ങൾ.

(4) തിരൂരങ്ങാടി അസിസ്റ്റന്റ് രജിസ്ട്രാറുടെ 31-7-2025-ലെ ARGTGI/388/2023/UI(1) നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽ കരുമരക്കാട് ആസ്ഥാനമാക്കി ഒരു വനിത സഹകരണ സംഘമായി 6-11-2012-ൽ രജിസ്റ്റർ ചെയ്യപ്പെട്ട് 23-12-2012-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത കരുമരക്കാട് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 879-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ച് കൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 26-9-2023-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി-ബാധ്യതകൾ താഴെ നൽകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി	1,01,400.00	അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂ ടു	
റിസർവ്വ് ഫോർ അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂ ടു	1,400.00	ഷെയർ സസ്പെൻസ് എം. ഡി. സി. ബി പരപ്പനങ്ങാടി .	1,00,370.00
എഡ്യൂക്കേഷൻ ഫണ്ട്	18,000.00	സസ്പെൻസ് അസറ്റ്- ചീഫ് പ്രമോട്ടർ	1,400.00
എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി		അറ്റ നഷ്ടം	33,062.00
ആഡിറ്റ് ഫീസ്	2,664.00		
അഫിലിയേഷൻ ഫീസ്	7,488.00		
അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂ ബൈ	3,880.00		
ആകെ	1,34,832.00	ആകെ	1,34,832.00

സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 37 ഓഹരി ഉടമകൾക്ക് പ്രത്യേകമായി ക്ലെയിം നോട്ടീസ് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്ലെയിം ഉന്നയിച്ച ലിക്വിഡേറ്ററെ സമീപിച്ച ഓഹരി ഉടമകൾക്ക് ഓഹരി തിരികെ നൽകുകയും ചെയ്തു. ക്ലെയിം ഉന്നയിച്ച് മറ്റാരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്ര പ്രകാരം അടവാക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്ന എഡ്യൂക്കേഷൻ ഫണ്ട് ₹ 18,000, ആഡിറ്റ് ഫീസ് ₹ 2,664, അഫിലിയേഷൻ ഫീസ് ₹ 7,488 എന്നിവ സംഘത്തിൽ നിന്നും മുതൽ കൂട്ടിയ തുകയിൽ നിന്നും യഥാവിധി അടവാക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റർ മുതൽ കൂട്ടിയ ആകെ തുകയായ ₹1,01,870-ന്റെ 15% എന്ന നിരക്കിൽ ₹ 15,281 ലിക്വിഡേഷൻ ചാർജ്ജായി അടവാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം സംഘത്തിന്റെ കടധന പട്ടികപ്രകാരം ബാക്കിനിന്നിരുന്നതും എന്നാൽ യാതൊരു നിലക്കും ഈടാക്കാൻ കഴിയാത്തതുമായ താഴെ വിശദമാക്കി ബാക്കിപത്രത്തിലെ ലിക്വിഡേറ്ററുടെ പേരിലുള്ള ₹ 38,237-ന്റെ ബാങ്ക് നിക്ഷേപം ഒഴികെയുള്ള ₹ 53,213-ന്റെ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ₹ 91,450-ന്റെ ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ ആയതിന് ശിപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ട് കെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു. എഴുതി തള്ളിയും കണ്ട് കെട്ടുകയും ചെയ്യുന്നതിന് സമർപ്പിച്ച ആസ്തികളും ബാധ്യതകളും താഴെ നൽകുന്നു.

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി-എ	91,350.00	എസ്. ബി. അക്കൗണ്ട്-കേരള ബാങ്ക്	38,237.00
എസ്/എൽ ലിക്വിഡേറ്റർ	100.00	അറ്റ നഷ്ടം	53,213.00
ആകെ	91,450.00	ആകെ	91,450.00

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക തിരൂരങ്ങാടി അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. മേൽ നടപടികൾക്കുശേഷം സംഘത്തിൽ ആസ്തിബാധ്യതകൾ യാതൊന്നും ബാക്കിനിൽപ്പില്ല. ലിക്വിഡേഷൻ ആഡിറ്റ് യഥാവിധി എ. ഇ. എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ മുഴുവനായും അടവാക്കിയിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് അന്തിമ പൊതുയോഗം 30-7-2025-ന് ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും പരാമർശം (3) പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് സംഘത്തിന്റെ അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം പരാമർശം(4) പ്രകാരം തിരൂരങ്ങാടി അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശിപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കരുമരക്കാട് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 879-ന്റെ അന്തിമ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.26 03:13:20 +05:30